**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 214** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>അന്യ സംസ്ഥാനങ്ങളിലെ നഴ്സിംഗ് പഠനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പഴകുളം മധു

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** അന്യ സംസ്ഥാനങ്ങളിൽ നഴ്സിംഗ് പഠനം നടത്തുന്ന കേരളത്തിൽ നിന്നുള്ള വിദ്യാർത്ഥികളുടെ എണ്ണം സംബന്ധിച്ച കണക്കുകൾ സർക്കാരിന്റെ കൈവശം ലഭ്യമാണോയെന്നറിയിക്കാമോ ;

**<u>മറുപടി:</u>** ലഭ്യമല്ല

**(ബി)** അന്യ സംസ്ഥാനങ്ങളിൽ നഴ്സിംഗ് പഠനം നടത്തുന്ന വിദ്യാർത്ഥികളുടെ ഫീസ് നിരക്കും അവർ അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രശ്നങ്ങളും സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോയെന്നറിയിക്കാമോ ;

**<u>മറുപടി:</u>** ഇല്ല

**(സി)** മറ്റ് സംസ്ഥാനങ്ങളിൽ നഴ്സിംഗ് പഠനം നടത്തുന്ന വിദ്യാർത്ഥികൾ അഭിമുഖീകരിക്കുന്ന ചൂഷണങ്ങളും പീഡനങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയത്തിൽ എടുത്ത നടപടികൾ വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഇതര പഠനം നടത്തിയിരുന്ന നാലു വിദ്യാർത്ഥികളുടെ പരാതികൾ മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെൽ മുഖാന്തരം കേരള സ്റ്റേറ്റ് നഴ്സിംഗ് & മിഡ്വൈവ്സ് കൗൺസിലിൽ ലഭിച്ചിരുന്നു. പ്രസ്തുത പരാതികൾ തുടർ നടപടികൾക്കായി അതത് സംസ്ഥാന കൗൺസിൽ രജിസ്ട്രാർമാർക്ക് കൈമാറിയിട്ടുണ്ട്.

**(ഡി)** ആക്രമണവും ഭീഷണിയും പീഡനവും നേരിടുന്ന വിദ്യാർത്ഥികൾക്ക് സർക്കാരിൽ പരാതി നൽകി ഉടനടി പരിഹാരം തേടാൻ സാധിക്കുന്ന രീതിയിലുള്ള ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഇ)** വിദ്യാർത്ഥികളുടെ മൈഗ്രേഷൻ കുറക്കാൻ കേരളത്തിൽ നഴ്സിംഗ് കോളേജുകൾ, സീറ്റുകൾ എന്നിവ വർധിപ്പിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ ?

**<u>മറുപടി:</u>** സർക്കാർ/ സ്വയംഭരണ /സ്വാശ്രയ കോളേജുകളുടെ പ്രിൻസിപ്പൽ/മാനേജ്മെന്റ് സമർപ്പിക്കുന്ന അപേക്ഷ പരിശോധിച്ച് സർക്കാർ/ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നതനുസരിച്ച് നഴ്സിംഗ് കോളേജുകൾ തുടങ്ങുന്നതിനും നഴ്സിംഗ് സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനും അനു മതി നല്കിവരുന്നു.

**സെക്ഷൻ ഓഫീസർ**